എൻ.സി.സി.ക്കാരെ സ്റ്റുഡന്റ്സ് പോലീസ് പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ നടപടി

61 (5975) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പരിശീലനം സിദ്ധിച്ച എൻ.സി.സി. കേഡറ്റുകൾ ഉള്ളപ്പോൾ സ്റ്റുഡന്റ്സ് പോലീസ് സംവിധാനം ഉണ്ടാക്കിയതിന്റെ കാരണം വ്യക്തമാക്കുമോ ;

(ബി) സൈനിക ഓഫീസർമാരുടെ നേതൃത്വത്തിൽ പരിശീലനം സിദ്ധിച്ച എൻ.സി.സി.കാരെ സ്റ്റുഡന്റ്സ് പോലീസ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) വിദ്യാർത്ഥികളിൽ പൗരബോധം, സമത്വ ബോധം, മതേതര വീക്ഷണം, അന്വേഷണത്വര, നിരീക്ഷണ പാടവം, നേതൃത്വശേഷി, സാഹസിക മനോഭാവം തുടങ്ങിയ മൂല്യങ്ങൾ വളർത്തുവാനും വിദ്യാർത്ഥികളിൽ സാമൂഹ്യ പ്രതിബദ്ധതയും സേവന സന്നദ്ധതയും സഹജീവി സ്നേഹവും വളർത്തുവാനും സാമൂഹ്യ തിന്മകളായ തീവ്രവാദം, വിഘടനവാദം, വർഗ്ഗീയത, ജാതീയത, ലഹരിഭ്രമം തുടങ്ങിയവയ്ക്കെതിരെ പ്രതികരിക്കാനും പ്രവർത്തിക്കാനും വിദ്യാർത്ഥികളെ സജ്ജരാക്കുവാനും ആഭ്യന്തര സുരക്ഷ, കുറ്റകൃത്യ നിവാരണം, ക്രമസമാധാന പാലനം, ഗതാഗത നിയന്ത്രണം, സാമൂഹ്യ സേവനം തുടങ്ങിയ പ്രവർത്തനങ്ങളിൽ പോലീസ് സേനയോടൊപ്പം പ്രവർത്തിക്കുന്നതിന് വിദ്യാർത്ഥികളെ പ്രാപ്തരാക്കുന്നതിനും എൻ.സി.സി, എൻ. എസ്.എസ്. തുടങ്ങിയ സന്നദ്ധസംഘടനകളെപ്പോലെ സ്റ്റുഡന്റ് പോലീസ് കേഡറ്റിനെ ഒരു സ്വതന്ത്ര സാമൂഹ്യ സേവന വിഭാഗമായി വളർത്തുക എന്ന ഉദ്ദേശത്തിലാണ് സ്റ്റുഡന്റ് പോലീസ് പദ്ധതി നടപ്പിലാക്കുന്നത്.

(ബി) നിലവിൽ എൻ.സി.സി.-യിൽ അംഗങ്ങളായിരിക്കുന്ന കുട്ടികൾക്ക് സ്റ്റുഡന്റ് പോലീസ് പദ്ധതിയിൽ ചേരുന്നതിന് തടസ്സമൊന്നുമില്ല.

സുപ്രീം കോടതിയിൽ അപ്പീൽ നൽകിയിട്ടുള്ള കേസുകൾ

62 (5976) ശ്രീ. പി. കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സി.ബി.ഐ.ക്ക് എത്ര കേസുകളുടെ അന്വേഷണമാണ് കൈമാറിയിട്ടുള്ളത് എന്ന് വെളിപ്പെടുത്തുമോ ; അവയിൽ സർക്കാർ സ്വമേധയാ കൈമാറിയ കേസുകൾ എത്ര ;

LIBRARY ARCHIVES Kerala Legislative Assembly